# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1019** **10.08.2017 ൽ മറുപടിക്ക്**

**കോതമംഗലം മിനി സിവിൽസ്റ്റേഷൻ**

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോതമംഗലം മിനി സിവിൽസ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി നിർമ്മാണം പൂർത്തീകരിച്ച ശേഷം പാർട്ടീഷൻ പ്രവർത്തികളും പൂർത്തീയാക്കിയെങ്കിലും ഇതുവരെയും പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം മിനി സിവിൽസ്റ്റേഷന്റെ 6ാം നിലയിലെ അവശേഷിക്കുന്ന സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികളും, കെട്ടിടത്തിന്റെ അഗ്നി സുരക്ഷാ സംവിധാനങ്ങളടക്കമുള്ള മുഴുവൻ പ്രവൃത്തികളും 31.12.2017 നകം പൂർത്തീകരിക്കുന്നതാണ്. |
| (ബി) സിവിൽസ്റ്റേഷന് വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും ലഭ്യമാക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br>(സി) വാട്ടർ കണക്ഷനും വൈദ്യുതിയും ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) & (സി) സിവിൽ സ്റ്റേഷൻ നിൽക്കുന്ന സ്ഥലത്തെ സംബന്ധിച്ച് കോതമംഗലം മുനിസിപ്പാലിറ്റിയും റവന്യൂ വകുപ്പും തമ്മിൽ ഉടമസ്ഥാവകാശ തർക്കം നിലനിൽക്കുന്നതിനാൽ, കെട്ടിട നമ്പർ ലഭ്യമായിട്ടില്ല. കെട്ടിട നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് വാട്ടർ കണക്ഷനും വൈദ്യുത കണക്ഷനും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) തടസ്സങ്ങൾ പരിഹരിച്ച് മിനിസിവിൽ സ്റ്റേഷൻ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഡി) ഉടമസ്ഥാവകാശ തർക്കം പരിഹരിക്കുന്ന പക്ഷം അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് 31.12.2017 നകം സിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ കഴിയും. |

Anaden

**സെക്ഷൻ ഓഫീസർ**